● ലേഖനം

മുഹമ്മദ് പാലത്ത്

# പലിശക്കെണിയിൽ കേരളം

**പലിശക്കെണിയിൽപെട്ട്** ദുരിതമനുഭവിക്കുന്നവരുടെയും ആത്മഹത്യയിൽ അഭയം തേടുന്നവരുടെയും വർത്തമാനങ്ങൾ കേരളത്തിലിപ്പോൾ വാർത്തയേ അല്ല. ഗ്രാമങ്ങളിലെ വട്ടിപ്പലിശക്കാർ മുതൽ സർക്കാർ വക ബ്ലേഡ് കമ്പനികൾ വരെ ചെറുതും വലുതുമായ, ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കമ്പനികളിൽനിന്നും പല നിരക്കിലുള്ള പലിശക്ക് കടമെടുത്തവരിൽ ബഹുഭൂരിഭാഗവും അതിന്റെ കയ്പുനീർ കുടിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും വായ്പ വാങ്ങാൻ മലയാളി ഒരു മടിയും കാണിക്കുന്നില്ല.

കേരളത്തിൽ തൊഴിൽ ചെയ്യുന്നവരുടെ 80 ശതമാനമെങ്കിലും അവരുടെ നിത്യവരുമാനത്തിന്റെ നിശ്ചിത വിഹിതം പലിശയടക്കാൻ വിനിയോഗിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അഞ്ചക്ക ശമ്പളം വാങ്ങുന്നവരെന്നോ കൂലിപ്പണിക്കാരെന്നോ കർഷകത്തൊഴിലാളികളെന്നോ ഉള്ള വ്യത്യാസമില്ല. സ്ഥിരവരുമാനക്കാരായ ഉദ്യോഗസ്ഥർ ലക്ഷങ്ങൾ കടമെടുക്കുമ്പോൾ സാധാരണക്കാർ അത് ആയിരങ്ങളിൽ ഒതുക്കുന്നു. രണ്ടും മൂന്നും ലക്ഷം കടമെടുക്കുന്ന ദിവസവേതനക്കാരും ഇല്ലാതില്ല. ഉദ്യോഗസ്ഥർക്കും സ്വന്തമായി ആസ്തിയുള്ളവർക്കും പൊതുമേഖലാ ബാങ്കുകൾ കുറഞ്ഞ പലിശക്ക് കടം നൽകുമ്പോൾ സാധാരണക്കാർ സ്വകാര്യ ബാങ്കുകളെയും വട്ടിപ്പലിശക്കാരെയും ആശ്രയിക്കുന്നു. വീടും പുരയിടവും പണയപ്പെടുത്തിയാലും കിട്ടാവുന്നിടത്തുനിന്നൊക്കെ മലയാളി കടം വാങ്ങിയിരിക്കും.

കേരളത്തിലെ ഓരോ ഗ്രാമവും നഗരവും ഇന്ന് കടക്കെണിയിലും പലിശക്കുരുക്കിലും അകപ്പെട്ടുകഴിഞ്ഞു. കടം വാങ്ങി ജീവിതം 'അടിച്ചുപൊളിക്കുക' യാണ് ഇന്ന് കേരളീയൻ. കടം പൊങ്ങച്ചത്തിന്റെ അടയാളം പോലുമായിരിക്കുന്നു. എനിക്കിത്ര കടമുണ്ടെന്ന് പരിതപിക്കുന്നവനോട്, എനിക്കതിനേക്കാൾ കടമുണ്ടല്ലോ എന്ന് മറ്റവൻ മേനിപറയുന്ന കാലം. മുമ്പൊക്കെ അത്യാവശ്യങ്ങൾക്കാണ് ആളുകൾ കടം വാങ്ങുക. ആർഭാടങ്ങൾക്കും പൊങ്ങച്ചങ്ങൾക്കുമാണ് ഇന്ന് കടം. മുമ്പ് കടം വാങ്ങി ആവശ്യങ്ങൾ നിവർത്തിക്കുകയായിരുന്നുവെങ്കിൽ, ഇന്ന് ഏതു സാധനവും സേവനവും കടമായി തന്നെ ലഭിക്കും. അങ്ങനെ ആവശ്യങ്ങൾക്കൊപ്പം അനാവശ്യങ്ങളും ആർഭാടങ്ങളും വീട്ടിലെത്തുന്നു. വരുമാനത്തിന്റെ നല്ലൊരു ഭാഗവും പലിശയടച്ച് ശേഷിപ്പൊന്നുമില്ലാതെയാണ് ശരാശരി കേരളീയൻ ദിനങ്ങൾ തള്ളിനീക്കുന്നത്.

സ്ഥിരവരുമാനക്കാരായ ഉദ്യോഗസ്ഥരാണ് പലിശക്കെണിയിൽപെട്ട നല്ലൊരു വിഭാഗം. ശമ്പളമുള്ളതിനാൽ അടവുതെറ്റില്ലെന്ന ആശ്വാസത്തോടെ 5 മുതൽ 10 ലക്ഷം വരെ വായ്പയെടുത്ത് വീട് വെച്ചവർ നിരവധി. 5 ലക്ഷം രൂപ കടമെടുത്തവർ മാസം തോറും അയ്യായിരം രൂപയെങ്കിലും അടക്കണം. വർഷത്തിൽ അറുപതിനായിരം രൂപ. ഇതിൽ അമ്പതിനായിരം രൂപയെങ്കിലും പലിശയായിരിക്കും. പതിനഞ്ചോ ഇരുപതോ വർഷം കൊണ്ട് അഞ്ചോ ആറോ ലക്ഷം രൂപയെങ്കിലും പലിശയായി ബാങ്ക് ഈടാക്കുന്നു. ആകെ കിട്ടുന്ന സർവീസ് കാലയളവിൽ ജീവിതച്ചെലവ് കഴിച്ച് മറ്റൊന്നും സമ്പാദിക്കാൻ ഈ ഉദ്യോഗസ്ഥന് ബാക്കിയുണ്ടാവില്ല. ആയുസ്സിന്റെ സമ്പാദ്യത്തിലേറെയും പലിശയിനത്തിൽ ബാങ്ക് കവർന്നെടുത്തിരിക്കും. രോഗം, മക്കളുടെ പഠനം, ജോലി, വിവാഹം എന്നിവക്ക് വീണ്ടും കടമെടുക്കുന്നു. അങ്ങനെ പലിശയടവ് വീണ്ടും വർധിക്കുന്നു.

## പലിശയുടെ തേരോട്ട ഭൂമികൾ

ആർഭാടവും പൊങ്ങച്ചവും നിറഞ്ഞ വിവാഹാഘോഷങ്ങളും സ്ത്രീധനവുമാണ് മലയാളിയെ കടക്കെണിയിലേക്ക് നയിക്കുന്ന മുഖ്യ വില്ലൻ. സ്ത്രീധനം ഒഴിവാക്കാനാവാത്ത തിന്മയായി സമൂഹം അംഗീകരിച്ചതോടെ ഒന്നും കൈയിലില്ലാത്തവരും ഉള്ളതു വിറ്റും കടം വാങ്ങിയും ഇത് നൽകാൻ

മാനസികമായി സന്നദ്ധരാവുന്നു. ഉള്ള കിടപ്പാടം ബാങ്കിലും ചിട്ടിസ്ഥാപനങ്ങളിലും പണയം വെച്ച് സ്ത്രീധനം ഒപ്പിക്കുന്ന കുടുംബങ്ങൾ അനവധിയാണ്. വീടില്ലെങ്കിലും മക്കളെ നന്നായി കെട്ടിച്ചയക്കാൻ വിവാഹം കഴിഞ്ഞ് വീട് വിൽക്കുന്നവരും അനവധി. എന്നാലും ആർഭാടപൂർണമായ വിവാഹാഘോഷങ്ങൾക്കോ പൊങ്ങച്ചപ്രകടനങ്ങൾക്കോ യാതൊരു കുറവുമില്ല. ഇക്കാര്യത്തിലൊന്നും സമുദായഭേദമില്ലെന്നു തന്നെ പറയാം.

വാഹനക്കച്ചവടമാണ് പലിശതേരോട്ടം നടത്തുന്ന മറ്റൊരു മേഖല. സംസ്ഥാനത്തെ സ്വകാര്യ വാഹനങ്ങൾ മുതൽ ബസ്സുകൾ വരെ മിക്കതും നിശ്ചിത സംഖ്യ കടമെടുത്ത് വാങ്ങിയതാവും. തമിഴ്നാട്ടുകാരായ 'സേട്ടുമാർ' മുതൽ നാടൻ വട്ടിപ്പലിശക്കാർ വരെ പണം കൊടുക്കാൻ റെഡി. വാഹനത്തിന്റെ ആർ.സി ബുക്കും ഒരു താക്കോലും അവരുടെ കൈയിൽ കൊടുത്താൽ മതി. വൻപലിശയാണ് ഇത്തരം ഫൈനാൻസ് കമ്പനികൾ ഈടാക്കുന്നത്. വാഹനമോടിച്ചു ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരു ശതമാനവും അടവിനത്തിൽ നൽകുന്നു. സർക്കാറിന്റെ കനത്ത നികുതിയും റിപ്പയറിംഗ് ചെലവും കഴിച്ച് മിച്ചമുള്ള സംഖ്യ പലപ്പോഴും അടവിനു തികയാറുമില്ല. അടവ് തെറ്റിയ വാഹനങ്ങൾ പിടിച്ചെടുക്കാൻ സേട്ടുമാർക്ക് ഗുണ്ടപ്പടകളുണ്ട്. സമ്പാദ്യം മുഴുവനെടുത്ത് ബസ് വാങ്ങി ഫൈനാൻസ് കമ്പനിക്ക് പലിശ കൊടുക്കാൻ കഴിയാതെ വാഹനവും സമ്പാദ്യവും നഷ്ടപ്പെട്ടവർ നിരവധി. ബസ് വ്യവസായത്തിന്റെ തകർച്ചയായാണ് ഇതിനെ സാധാരണ വ്യാഖ്യാനിക്കാറ്. റൂട്ടിലോടുന്ന ബസ്സുകളൊന്നും നഷ്ടത്തിലല്ലെന്നതാണ് സത്യം. അടവും പലിശയുമാണ് ഏതു സംരംഭത്തെയും നഷ്ടത്തിലാക്കുന്നത്. ലോണും അടവുമുള്ള സംരംഭങ്ങൾ ഏറെക്കാലം ലാഭത്തിൽ മുന്നോട്ടുപോവില്ല എന്ന് പ്രാഥമികപഠനത്തിൽനിന്നുതന്നെ വ്യക്തമാവും.

നഗരപ്രദേശങ്ങളിൽ ബിസിനസ് ആവശ്യത്തിന് മണിക്കൂറുകളുടെയോ ദിവസങ്ങളുടെയോ അവധിക്ക് വൻതുക വായ്പ നൽകുന്നവരുണ്ട്. ബിസിനസ്സിൽനിന്ന് ലഭിക്കുന്ന ലാഭത്തിന്റെ നല്ലൊരു ശതമാനം പലിശയായി അവർ ഈടാക്കും. നാടൻ പണമിടപാടുകാർക്ക് കുറഞ്ഞ പലിശ 40-ഉം 60-ഉം ശതമാനമാണെങ്കിൽ വി.ഐ.പി ഇടപാടുകാർ 360 ശതമാനം വരെ പലിശ ഈടാക്കുന്നുണ്ട്. കച്ചവടത്തിന് രാവിലെ 100 രൂപ കൊടുത്താൽ വൈകുന്നേരം പത്തുരൂപ പലിശയടക്കം തിരിച്ചുവാങ്ങുന്നവരുണ്ട്. മത്സ്യവും പച്ചക്കറികളും മറ്റു കച്ചവടവസ്തുക്കളും എടുത്തുകൊണ്ടുപോവുന്ന പണമുതലാളിമാരും നിരവധി.

പെട്ടെന്നുള്ള രോഗവും ആശുപത്രിച്ചെലവുകളുമാണ് കടമെടുക്കാൻ നിർബന്ധിക്കുന്ന മറ്റൊരു ഘടകം. രോഗങ്ങൾ പെരുകുകയും സർക്കാറാശുപത്രികളിൽ സൗകര്യങ്ങൾ കുറയുകയും ചികിത്സാ ചെലവ് കുത്തനെ കൂടുകയും ചെയ്തപ്പോൾ സാധാരണക്കാരന് ഉള്ളത് പണയം വെച്ച് ബ്ലേഡിൽനിന്നോ മറ്റോ കടമെടുക്കുകയല്ലാതെ നിവൃത്തിയില്ല. അങ്ങനെ ബ്ലേഡിൽ കുടുങ്ങി കിടപ്പാടം നഷ്ടപ്പെട്ടവരും സ്വത്ത് കൈയേറ്റം ചെയ്യപ്പെട്ടവരും കേരളത്തിൽ ധാരാളമുണ്ട്.

### പണക്കച്ചവടം

ആവശ്യക്കാരുടെ ആധിക്യവും പണത്തോടുള്ള ആർത്തിയും വർധിച്ചപ്പോൾ പുതിയൊരു തൊഴിൽവർഗം കേരളത്തിൽ വളർന്നുവന്നിരിക്കുന്നു. 'പണക്കച്ചവടക്കാർ' അഥവാ പലിശക്ക് പണം നൽകുന്നവർ. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ, ഗൾഫിൽനിന്ന് തിരിച്ചുവന്നവർ തുടങ്ങി അത്യാവശ്യം പണം കൈയിലുള്ളവരെല്ലാം അധികം റിസ്കില്ലാതെ ചെയ്യാവുന്ന ബിസിനസ്സായാണ് പലിശയെ കാണുന്നത്. ലാഭത്തിലോടുന്ന ഏക ബിസിനസ് എന്ന നിലയിൽ സാധാരണക്കാർ മുതൽ അതിസമ്പന്നർവരെ വ്യത്യസ്ത രീതികളിൽ ഈ ബിസിനസ് നടത്തുന്നു. അതിനൊക്കെ പുറമെയാണ് തമിഴ്നാട്ടുകാരുടെ വരവ്. ഗ്രാമാന്തരങ്ങളിലെല്ലാം ബൈക്കിലെത്തി ആവശ്യക്കാരെ തെരഞ്ഞുപിടിച്ച് പണം നൽകാനും കൃത്യമായി പലിശസഹിതം തിരിച്ചുവാങ്ങാനും ഇവർ വിദഗ്ധരാണ്. അത്യാവശ്യം വരുമ്പോൾ പണം നൽകി സഹായിച്ച് ശമ്പളദിവസം അത് പലിശസഹിതം തിരിച്ചുപിടിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണവും വർധിച്ചുവരുന്നു.

സംസ്ഥാന സർക്കാറും കടമെടുക്കുന്നതിലും പലിശയടക്കുന്നതിലും ഒട്ടും പിന്നിലല്ല. രാജ്യത്ത് ഏറ്റവും കൂടുതൽ പ്രതിശീർഷ കടമുള്ള സംസ്ഥാനമാണ് കേരളം. റവന്യൂ വരുമാനത്തിന്റെ 25 ശതമാനവും പലിശ നൽകാനാണ് നാം വിനിയോഗിക്കുന്നത്. ഇനിയും കടം വാങ്ങുമെന്നാണ് സർക്കാറിന്റെ നിലപാട്.

മുമ്പൊക്കെ ദേശസാൽകൃത ബാങ്കുകളിൽനിന്ന് ഒരു വായ്പ ലഭിക്കാൻ ഏറെ വാതിലുകൾ മുട്ടേണ്ടിയിരുന്നു. എന്നാലിപ്പോൾ സ്വകാര്യ ബാങ്കുകൾ വായ്പയുമായി നമ്മുടെ പടിവാതിൽക്കൽ വന്നുനിൽക്കുകയാണ്. പണത്തിന് ആവശ്യമുണ്ടെന്ന് കേൾക്കുമ്പോഴേക്കും ഏജന്റുമാർ വീട്ടിലെത്തിയിട്ടുണ്ടാവും. പിന്നെ വായ്പാ പദ്ധതിയുടെ ആകർഷണീയതയെക്കുറിച്ച വായ്ത്താരി. ആരും വീണും പോവും. അടവ് തെറ്റിയാൽ വന്നുചേരുന്ന പിഴപ്പലിശയെപ്പറ്റിയോ പലിശനിരക്ക് മാറുമ്പോഴുണ്ടാവുന്ന ഭവിഷ്യത്തുകളെപ്പറ്റിയോ ഏജന്റു

## പലിശരഹിതനിധികൾ; ആശ്വാസത്തിന്റെ തെളിനീരുറവകൾ

പലിശക്കെണിയിൽപെട്ടുഴലുന്ന കേരളീയന് അൽപമെങ്കിലും ആശ്വാസമേകുന്ന തെളിനീരുറവകളാണ് കേരളത്തിലങ്ങോളമിങ്ങോളമുള്ള പലിശരഹിതനിധികൾ. പല സംഘടനകളും പ്രാദേശിക കൂട്ടായ്മകളും പലിശരഹിത സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ കീഴിൽ മാത്രം മുന്നൂറോളം പലിശരഹിത സംരംഭങ്ങൾ പ്രവർത്തിക്കുന്നു. പല സ്വഭാവത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ മൂലധനത്തിന്റെ 30 ശതമാനത്തോളം വിവിധ പദ്ധതികളിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്വർണവും മറ്റു രേഖകളും ജാമ്യമായി സ്വീകരിച്ചും ആൾജാമ്യത്തിലുമാണ് കടം നൽകുന്നത്. കഴിഞ്ഞ വർഷം 20,166 വ്യക്തികൾക്കായി ആറു കോടിയോളം രൂപ വായ്പ നൽകാൻ ഈ സംരംഭങ്ങൾക്ക് കഴിഞ്ഞു. സ്വയം തൊഴിൽ സംരംഭങ്ങൾ, ചികിത്സാ ചെലവുകൾ തുടങ്ങിയവക്കും ഇവ വായ്പ നൽകിവരുന്നു.

ആവശ്യക്കാർക്കെല്ലാം പലിശരഹിത കടങ്ങൾ ലഭിക്കുന്ന രീതിയിൽ ഇത്തരം നിധികൾ വിപുലപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യേണ്ടതുണ്ട്. ജനകീയ മുന്നേറ്റങ്ങളിലൂടെ ഓരോ പ്രദേശത്തും പലിശരഹിത സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ സംഘടനകൾ രംഗത്തുവരണം. ജമാഅത്തിന്റെ പുതിയ ചതുർവർഷ പരിപാടിയിൽ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

മാർ മിണ്ടുകയില്ല. കൊത്തിക്കഴിഞ്ഞാൽ ഇരക്ക് ഇതൊക്കെ നേരിട്ടാസ്വദിക്കാം! ലോൺ മേളകളും എക്സ്ചേഞ്ച് മേളകളും നടത്തി പരമാവധി ലോൺ ചെലവാക്കാൻ സ്ഥാപനങ്ങൾ മത്സരിക്കുന്നു. ഇതുകൂടാതെയാണ് ക്രെഡിറ്റ് കാർഡുകളുടെ വരവ്. പണമില്ലെങ്കിലും നമുക്ക് സാധനങ്ങൾ വാങ്ങിത്തരുന്ന ഈ കാർഡുകൾ നമ്മെ വലിച്ചുകൊണ്ടുപോകുന്നതും പലിശക്കെണിയിലേക്കുതന്നെ.

ഇഷ്ടം പോലെ കടം കിട്ടാൻ തുടങ്ങിയതോടെ കേരളീയന്റെ ജീവിത ശൈലി അടിമുടി മാറി. വരവിനനുസരിച്ച് ചെലവ് ക്രമീകരിക്കുന്ന ശീലം പണ്ട് മലയാളിക്കുണ്ടായിരുന്നു. അതിപ്പോൾ ഇല്ല. ആവശ്യമുള്ളതും ഇല്ലാത്തതും പത്രാസായി വാങ്ങിക്കൂട്ടുകയാണ്. കൈയിൽ ചില്ലിക്കാശില്ലെങ്കിലും വീട് സ്വപ്നതുല്യമായിരിക്കണം. കെട്ടുതാലിവരെ വിറ്റ്, നാലു സെന്റ് സ്ഥലം വാങ്ങി അതിന്റെ രേഖകൾ പണയം വെച്ച് വായ്പയെടുത്ത് വീടുണ്ടാക്കുന്നു. തിരിച്ചടവ് സാധ്യമാവുമോ എന്ന് ചോദിക്കരുത്. അതൊക്കെ അപ്പോൾ കാണാം എന്നാണ് ചിന്ത. അങ്ങനെ ലക്ഷങ്ങളുടെ മണിമാളികകൾ പണിത് ഒടുവിൽ പലിശയടക്കാനാവാതെ സ്ഥലവും വീടും ഒന്നിച്ച് വിൽക്കുന്നു. എന്തും കടമായി ലഭിക്കുന്നതിനാൽ വാഹനവും ടി.വിയും ഫ്രിഡ്ജുമെല്ലാം ഏതു സാധാരണക്കാരന്റെയും വീട്ടിലുണ്ട്. കൊക്കിലൊതുങ്ങാത്തത് കൊത്തി പലിശക്കുരുക്കിലും കടക്കെണിയിലും പെട്ട് ആത്മഹത്യയില ഭയം തേടുന്ന കുടുംബങ്ങളും നാടുവിടുന്ന കുടുംബനാഥന്മാരും കേരളത്തിൽ ദിനംപ്രതി വർധിച്ചുവരികയാണ്.

തങ്ങളുടെ ആവശ്യങ്ങൾക്ക് വായ്പയെടുക്കുകയല്ലാതെ മറ്റൊരു മാർഗവുമില്ല എന്നാണ് പലരും പറയുന്നത്. പലിശയില്ലാതെ പണം ആരെങ്കിലും തരുമോ എന്നവർ തിരിച്ചുചോദിക്കുന്നു. വരവിനൊത്ത് ചെലവ് ക്രമീകരിക്കുകയും പെട്ടെന്നുള്ള ആവശ്യങ്ങൾക്ക് ചെറു സമ്പാദ്യമെങ്കിലും സ്വരൂപിക്കുകയും ചെയ്തിരുന്നെങ്കിൽ ഒരുപരിധിവരെ അവരവർക്കു തന്നെ കാര്യങ്ങൾ നിയന്ത്രിക്കാമായിരുന്നു.

### ജീവിതശൈലിയിൽ മാറ്റം, ജനകീയ ചെറുത്തുനിൽപ്

കേരളീയന്റെ തെറ്റായ ജീവിത ശൈലിയാണ് കടക്കെണിയൊരുക്കുന്നത്. നയാപൈസ കൈയിലില്ലാത്തവനും സ്വപ്നം കാണുന്ന വീട് ലക്ഷങ്ങൾ ചെലവ് വരുന്ന മണിമാളികകളാണ്. ആരാന്റെ കൈയിലെ പണം കണ്ട് മനക്കോട്ട കെട്ടുന്നവരാണിവർ. ബാങ്കുകൾ മുതൽ വട്ടിപ്പലിശക്കാർ വരെ പ്രമാണങ്ങൾ തീറായി വാങ്ങി പണം നൽകുന്നു. അങ്ങനെ പത്രാസുള്ള വീടും വണ്ടിയും വീട്ടുപകരണങ്ങളും വാങ്ങിക്കൂട്ടാൻ മലയാളി മത്സരിക്കുകയാണ്. തിരിച്ചടക്കുമ്പോഴാണ് തങ്ങളകപ്പെട്ട കുരുക്കിനെപ്പറ്റി ബോധ്യം വരിക. ബാങ്കിൽനിന്ന് ജപ്തിഭീഷണി നേരിടുന്നവർ, വീടും വസ്തുവും പലിശക്കാർ സ്വന്തമാക്കിയതിനാൽ കിടപ്പാടം നഷ്ടപ്പെട്ടവർ, വീട്ടുപകരണങ്ങളും വാഹനങ്ങളും നഷ്ടപ്പെട്ടവർ, ഇതൊന്നും കാണാൻ മനക്കരുത്തില്ലാതെ ജീവനൊടുക്കുന്നവർ അങ്ങനെ പലിശക്കുരുക്കിന്റെ രുചിയാസ്വദിക്കുന്ന കുടുംബങ്ങൾ കേരളത്തിൽ ലക്ഷക്കണക്കിനു വരും. വാങ്ങിയതിന്റെ ഇരട്ടിയും തിരിച്ചടച്ചിട്ടും ബാധ്യത തീരാതെ മൂക്കത്ത് വിരൽവെക്കുന്നവരും അനവധി. അതെ, ഉപഭോഗസംസ്കാരത്തിന്റെ പിടിയിൽപെട്ട് ശരാശരി കേരളീയൻ വളരുകയല്ല; തളരുകയാണ്.

ഈ ജീവിതശൈലി മാറ്റിയെടുക്കാൻ ജനകീയ ബോധവത്കരണവും ചെറുത്തുനിൽപുകളും അനിവാര്യമാണ്. ബദലുകൾ രൂപപ്പെടേണ്ടത് മനുഷ്യമനസ്സുകളിലാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും കൊക്കിലൊതുങ്ങുന്നതു മാത്രം കൊത്താനും മലയാളി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചാനലുകളുടെയും പ്രസിദ്ധീകരണങ്ങളുടെയും പരസ്യപ്രളയത്തിൽ കൊഴുക്കുന്ന ഉപഭോഗസംസ്കാരത്തിനെതിരെ ബോധവത്കരണം കൂടിയേ തീരൂ. ബ്ലേഡ് പലിശക്കെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുത്തുനിൽപുകൾ പൊതുജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവുന്നുണ്ട്. ഈയടുത്ത് മലപ്പുറം-കോഴിക്കോട് ജില്ലാ അതിർത്തിയിലെ ഒരു ഗ്രാമത്തിൽ പലിശക്കെണികൾക്കെതിരെ എല്ലാ സംഘടനകളും ചേർന്ന് പൊതുവേദി രൂപവത്കരിച്ചത് ശ്രദ്ധേയമാണ്. ചരിത്രത്തിലാദ്യമായാണത്രെ ഇവിടെ വിവിധ മത-രാഷ്ട്രീയ സംഘടനകൾ ഒരു പൊതുപ്രശ്നത്തിൽ ഒന്നിക്കുന്നത്. എല്ലാവരും ചേർന്ന് പലിശരഹിത സംരംഭം തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരം ഒരുമിക്കലുകൾ ഉണ്ടായാലേ സാധാരണക്കാരന്റെ കഴുത്തറുക്കുന്ന പലിശക്കെണിയിൽനിന്ന് രക്ഷപ്പെടാനൊക്കൂ.

### പലിശയും അസമത്വവും

ആഗോളവത്കരണ സാമ്പത്തിക നയങ്ങൾ നടപ്പാക്കിത്തുടങ്ങിയ ശേഷം രാജ്യത്ത് ദാരിദ്ര്യവും അസമത്വവും വർധിക്കുകയാണ്. നാഷ്നൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ 37.5 ശതമാനം കുടുംബങ്ങളും ദാരിദ്ര്യരേഖക്കു താഴെയാണ്. പലിശയുടെ വ്യാപനമല്ലേ ദാരിദ്ര്യ വർധനവിനിടയാക്കിയത് എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ജീവിതനിലവാരം കൂടിയ കേരളത്തിൽ ദാരിദ്ര്യം വർധിക്കുന്നത് എന്തുകൊണ്ട്?

1991-ലെ സാമ്പത്തിക പരിഷ്കരണ നടപടികൾ തുടങ്ങിയ ശേഷം സമ്പന്നരുടെ എണ്ണം വർധിച്ചതായി കണക്കുകൾ കാണിക്കുന്നു. 2005-ൽ 311 സമ്പന്നർക്കായി 3,64,000 കോടി രൂപയുടെ ആസ്തിയുണ്ട്. സി.പി.എം നേതാവ് സീതാറാം യെച്ചൂരിയുടെ കണക്കനുസരിച്ച്, ഇവരുടെ ഉടമസ്ഥതയിലുള്ള ഇത്രയും സംഖ്യക്ക് 8 ശതമാനം പലിശ ലഭിക്കുകയാണെങ്കിൽ വർഷത്തിൽ 29000 കോടി രൂപ ഇവർക്ക് ലഭി

## സഹകരണ ബാങ്കുകളും പലിശയും

സഹകരണ ബാങ്കുകൾ കേരളത്തിലെ ജനങ്ങൾക്ക് നൽകുന്ന സംഭാവനയെന്തെന്ന് ചോദിച്ചാൽ നടത്തിപ്പുകാരായ രാഷ്ട്രീയക്കാർക്ക് ഏറെ നേട്ടങ്ങൾ നിരത്താനുണ്ടാവും. ബാങ്ക് സേവനം ലഭ്യമല്ലാത്ത കുഗ്രാമങ്ങളിൽ പോലും ബ്രാഞ്ചുകൾ തുറന്നത് പ്രധാന നേട്ടംതന്നെ. ഡയറക്ടർമാരായ രാഷ്ട്രീയക്കാർ വിചാരിച്ചാൽ ആർക്കും കടം ലഭിക്കും എന്നതാണ് മറ്റൊരു നേട്ടം. ബാങ്കിടപാടുകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുന്നതിൽ ഇവയുടെ സേവനം ചെറുതായി കാണേണ്ടതല്ല. എന്നാൽ ഇവ ഈടാക്കുന്ന പലിശ മറ്റു ബാങ്കുകളിലേതിനേക്കാൾ കൂടുതലാണ്. വല്ല കാര്യത്തിനും ഈ ബാങ്കുകളിൽനിന്ന് കടം വാങ്ങിയവന്റെ നടുവൊടിയും. സാധാരണക്കാരന്റെ പണം ഊറ്റിയെടുത്താണ് സഹകരണ സ്ഥാപനങ്ങൾ തടിച്ചുകൊഴുക്കുന്നത്.സാധാരണക്കാർക്കായി നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനച്ചെലവ് മാത്രം ഈടാക്കി കടം നൽകുകയല്ലേ വേണ്ടത്? സർക്കാറിന്റെ ഭാഗത്തുനിന്നുള്ള അത്തരം ശ്രമങ്ങൾ ജനങ്ങൾക്ക് ഏറെ ആശ്വാസമാവും. കടക്കെണിയിൽപെട്ട കർഷകർക്ക് പലിശരഹിതവായ്പ അനുവദിക്കുമെന്ന കൃഷിമന്ത്രി മുല്ലക്കര രത്നാകരന്റെ പ്രഖ്യാപനം ഇതിനൊരു തുടക്കമാവട്ടെ.

ക്കും. അഥവാ ഒരു ദിവസം 80 കോടി രൂപ. ഈ തുകയത്രയും ഇന്ത്യയിലെ സാധാരണക്കാരന്റെ പണമായിരിക്കും. അങ്ങനെ ധനികൻ തടിച്ചുകൊഴുക്കുകയും ദരിദ്രൻ മെലിഞ്ഞുണങ്ങുകയും ചെയ്യുന്നു. അസമത്വത്തിന്റെ വിടവ് നാൾക്കുനാൾ വർധിക്കുകയും.

### വിദേശകടവും ഭരണാധികാരികളും

കേരളം അനുദിനം കടക്കെണിയിലേക്കും പലിശക്കെണിയിലേക്കും കൂപ്പുകുത്തുകയാണെങ്കിലും നമ്മുടെ ഭരണാധികാരികൾക്ക് കടം വാങ്ങുന്നതിൽ ഇനിയും ആവേശം ഒട്ടും കുറഞ്ഞിട്ടില്ല. ഏതു ചെകുത്താൻ കടം തന്നാലും സ്വീകരിക്കുമെന്നാണ് നമ്മുടെ ധനകാര്യ മന്ത്രി ഈയിടെ തുറന്നടിച്ചത്. മുന്നണികൾ മാറിമാറി അധികാരത്തിൽ വരുന്നതിനാൽ ട്രഷറി പൂട്ടാതെ എങ്ങനെയെങ്കിലും 5 വർഷം ഒപ്പിക്കണം എന്നാണ് എല്ലാ മന്ത്രിമാരും കരുതുന്നത്. തിരിച്ചടവും മറ്റും പിന്നീട് വരുന്നവർ നോക്കട്ടെ. കേരളത്തിന്റെ വളർച്ചയോ വികസനമോ അല്ല ഭരണാധികാരികളുടെ ലക്ഷ്യം. കടം വാങ്ങുന്നതിനു പകരം പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ഭരണാധികാരികൾ പരാജയപ്പെടുന്നതും അതിനാൽതന്നെ.

നികുതി കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനും നികുതി വെട്ടിപ്പ് തടയാനുമായാൽ ഒരു പരിധിവരെ പിടിച്ചുനിൽക്കാൻ കഴിയും. വിൽപന നികുതിയിനത്തിൽ 4000 കോടിയും ലോട്ടറി വകയിൽ 9000 കോടിയും പിരിഞ്ഞുകിട്ടാനുണ്ടത്രെ. ഇവയിൽ പലതും കോടതിയിലാണ്. സർക്കാർ അഭിഭാഷകർ കൈക്കൂലി വാങ്ങി കേസ് തോറ്റുകൊടുക്കുകയാണെന്ന ആക്ഷേപം നിലവിലുണ്ട്. ചുരുക്കത്തിൽ അഴിമതി, സ്വജനപക്ഷപാതം, രാഷ്ട്രീയ ദിശാബോധമില്ലായ്മ എന്നിവയാണ് കേരളത്തിന്റെ വികസനമാർഗത്തിലെ തടസ്സം. കേരള വികസന കാഴ്ചപ്പാടും ദീർഘവീക്ഷണവുമുള്ള രാഷ്ട്രീയ നേതാക്കളും ഭരണാധികാരികളും രംഗത്തുവന്നാലേ ഇതിൽനിന്ന് കേരളത്തിനു മോചനമുള്ളൂ.

### പലിശക്കെണി

2006-'07 സാമ്പത്തിക വർഷം പലിശയിനത്തിൽ കേരള സർക്കാർ ചെലവഴിച്ചത് 4375.27 കോടിയാണ്. ഇക്കാലയളവിലെ റവന്യൂ വരവ് 20000 കോടി രൂപയിലും താഴെയാണ്. അഥവാ മൊത്തം വരവിന്റെ 25 ശതമാനവും പലിശയടക്കുന്നു. എന്നിട്ടും കടമെടുക്കുന്നതിൽ പിറകോട്ടില്ലെന്നാണ് സർക്കാറിന്റെ നിലപാട്. ഈ വർഷത്തെ ബജറ്റിൽ പ്രതീക്ഷിത

## എ.ഡി.ബിയും കേരളവും

ഈയിടെ എ.ഡി.ബിയിൽനിന്ന് കേരളം വായ്പയെടുക്കാൻ തീരുമാനിച്ചത് വിവാദമായിരുന്നല്ലോ. കേരളത്തിലെ അഞ്ചു നഗരസഭകളിൽ കുടിവെള്ളം, റോഡ് വികസനം, ശുചീകരണം തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ പദ്ധതികൾ നടപ്പാക്കാൻ 1422.5 കോടി രൂപയുടെ പദ്ധതിയാണ് തയാറാക്കിയത്. ഇതിന്റെ 70 ശതമാനം അഥവാ 996 കോടി രൂപ എ.ഡി.ബി നൽകും. ബാക്കി മറ്റു മാർഗങ്ങളിലൂടെ കണ്ടെത്തണം. അഞ്ചു വർഷം കഴിഞ്ഞ് 2011-ൽ തിരിച്ചടവ് തുടങ്ങുമ്പോൾ വിവിധയിനങ്ങളിലായി 6 ശതമാനം പലിശയിനത്തിൽ നൽകണം. പദ്ധതി പൂർത്തീകരണം വൈകുകയാണെങ്കിൽ ഇതിലധികവും നൽകണം. എ.ഡി.ബി നിർദേശിക്കുന്ന കൺസൽട്ടൻസികൾ പദ്ധതി തയാറാക്കുമ്പോൾ കമീഷൻ, ധൂർത്ത്, മെയിന്റനൻസ്, പിഴപ്പലിശ തുടങ്ങിയ വകയിൽ യഥാർഥ പദ്ധതിച്ചെലവിന്റെ മൂന്നിരട്ടിയിലധികം ചെലവുവരുമെന്നാണ് വിദഗ്ധർ പറയുന്നത്. 200 കോടി യഥാർഥ ചെലവ് വരുന്ന പദ്ധതിക്ക് അഞ്ഞൂറോ അറുന്നൂറോ കോടി ചെലവ് വരും എന്നർഥം. 25 വർഷത്തിനകം തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ.

കേരളത്തിൽ ഭരണനവീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി യു.ഡി.എഫ് സർക്കാറും ഈ ഏജൻസിയിൽനിന്ന് കടം വാങ്ങിയിട്ടുണ്ട്. മറ്റു പല പദ്ധതികൾക്കായി വാങ്ങിയ കടങ്ങൾ ഇതിനു പുറമെയാണ്. ഡി.പി.ഇ.പിയും എസ്.എസ്.എ പദ്ധതിയും നടപ്പാക്കിയ ലോകബാങ്ക് വായ്പയുടെ തിരിച്ചടവും 2011-ൽ തുടങ്ങണം. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയും തിരിച്ചടക്കേണ്ട കടം തന്നെ. ഏതാനും വർഷം കഴിയുമ്പോൾ സർക്കാറിന്റെ റവന്യൂ വരുമാനത്തിന്റെ ഏതാണ്ട് മുഴുവനും വായ്പയും പലിശയും തിരിച്ചടക്കാൻ വിനിയോഗിക്കേണ്ടിവരും. വികസന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും സർക്കാർ നിർത്തും. എല്ലാറ്റിനും യൂസേഴ്സ് ഫീ ഈടാക്കിത്തുടങ്ങും. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാറുകൾ 'ജനങ്ങൾക്ക്' ഭാരമായി മാറുകയും ചെയ്യും.

ചെലവ് 26696.92 കോടി രൂപയാണ്. ഇതിൽ 5346.94 കോടിയും സ്വരൂപിക്കേണ്ടത് പൊതുകടത്തിലൂടെയാണ്. 5346.94 കോടി രൂപ കടമായി വാങ്ങി ഏതാണ്ട് 5000 കോടിയോളവും വിനിയോഗിക്കുന്നത് പലിശ നൽകാനാണ്. എന്നിട്ടും കടം വാങ്ങി ശമ്പളം നൽകേണ്ടിവരുന്നതിനാലാണ് നമ്മുടെ ഭരണാധികാരികൾ പരിഭവിക്കാറുള്ളത്. പലിശയടക്കാൻ കടം വാങ്ങുന്നതിൽ ആരും പരിതപിച്ചു കാണാറില്ല. കേന്ദ്ര ബജറ്റിലും 21 ശതമാനം ചെലവും പലിശയിനത്തിലാണ്. പലിശച്ചെലവ് കൂടുന്നതിനനുസരിച്ച് വികസനച്ചെലവുകൾ കുറഞ്ഞുവരികയുമാണ്. 1319.61 കോടി രൂപയാണ് കേരള ബജറ്റിലെ മൂലധനച്ചെലവ്. പലിശയുടെ 25 ശതമാനം മാത്രം. പലിശ വികസനം മുരടിപ്പിക്കുമെന്ന സാമ്പത്തികശാസ്ത്ര സിദ്ധാന്തം ഇവിടെ യാഥാർഥ്യമാണെന്നു കാണാനാവുന്നു.

### പ്രതിശീർഷകടം 17000 രൂപ

ഇക്കഴിഞ്ഞ പൊതുബജറ്റിനു മുമ്പ് നടത്തിയ കേരള സാമ്പത്തിക സർവേ പ്രകാരം 2007 മാർച്ച് മാസത്തിൽ കേരളത്തിന്റെ പൊതുകടം 57688 കോടി രൂപയാണ്. ജനിച്ചുവീഴുന്ന ഓരോ പൗരനും 17000 രൂപ കടക്കാരനാണെന്നർഥം. പ്രതിശീർഷ കടത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനവും കേരളംതന്നെ. മറ്റു ചില സംസ്ഥാനങ്ങളിൽ പൊതുകടം കൂടുതലാണെങ്കിലും പ്രതിശീർഷ കടം ഇത്രത്തോളം വരില്ല. 30 വർഷമായി ഇടതുമുന്നണി ഭരിക്കുന്ന പശ്ചിമ ബംഗാളാണ് രണ്ടാം സ്ഥാനത്ത്. 15700 രൂപയാണ് അവിടെ ആളോഹരി കടബാധ്യത. പത്തു വർഷത്തിനിടെ പൊതുകടത്തിൽ വൻ വർധനവാണ് സംസ്ഥാനത്തുണ്ടായത്. 1995-'06 വർഷം 10113.54 കോടിയായിരുന്നു പൊതുകടം. 400 ശതമാനത്തിലേറെ വർധനവാണ് 10 വർഷം കൊണ്ടുണ്ടായത്.

കേന്ദ്ര സർക്കാറിന്റെ കടബാധ്യത ഇതിനു പുറമെയാണ്. 2007 ഫെബ്രുവരിയിൽ കേന്ദ്രത്തിന്റെ കടബാധ്യത 24,73562 കോടി രൂപയാണ്. 23,96846 കോടി ആഭ്യന്തരകടവും 76716 കോടി വിദേശകടവും. ആളോഹരി കടം 22000 രൂപ. കേരളത്തിലെ ഓരോ പൗരനും 39000 രൂപ (22000+17000) കടക്കാരനാണെന്നു ചുരുക്കം. സാമ്പത്തിക പരിഷ്കരണ നടപടികൾ തുടക്കം കുറിച്ച 1990-'91-ൽ പ്രതിശീർഷ കടം 3500 രൂപയായിരുന്നു. ജി.ഡി.പിയിലുണ്ടായ വർധനവിനേക്കാൾ വേഗത്തിലാണ് കടത്തിന്റെ വർധന.

### പലിശയും ആധുനിക

## സമ്പദ്ശാസ്ത്രവും

ആധുനിക സാമ്പത്തികശാസ്ത്രം പലിശാധിഷ്ഠിതമാണെങ്കിലും ചില പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞർ പലിശയുടെ അപകടം തിരിച്ചറിഞ്ഞിരുന്നു. ബദൽ സമ്പദ്വ്യവസ്ഥ പടുത്തുയർത്താൻ ശ്രമിച്ച കാൾ മാർക്സ് സമ്പന്നന്റെ കൈയിലെ ചൂഷണോപാധിയാണ് പലിശ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ജെ.എം കെയിൻസ്, സമ്പദ്ഘടനയിൽ പലിശനിരക്ക് ഉയരുന്നത് നിക്ഷേപം കുറയാനിടയാക്കുമെന്നും അത് സമ്പദ്വളർച്ചയെ ദോഷകരമായി ബാധിക്കുമെന്നും സമർഥിക്കുകയുണ്ടായി. പലിശനിരക്കുയർന്നാൽ ജനങ്ങൾ പണം പലിശ ലഭിക്കാനായി ബാങ്കിലോ മറ്റു സ്ഥാപനങ്ങളിലോ നൽകി വെറുതെയിരിക്കും. പണമുപയോഗിച്ച് നിക്ഷേപ പ്രവർത്തനങ്ങൾ നടത്താൻ തയാറാവുകയില്ല. ഇത് ഉൽപാദനത്തെയും അതുവഴി വളർച്ചയെയും ബാധിക്കും. കുറഞ്ഞ പലിശനിരക്കിൽ സമ്പദ്വളർച്ച പരമാവധിയിലെത്തും. ഈ തത്ത്വം ഉൾക്കൊണ്ട് ചില രാജ്യങ്ങളെങ്കിലും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി.

അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ നോബൽ സമ്മാനജേതാവ് പോൾ സാമുവൽസണും സമ്പദ്വ്യവസ്ഥയെ കാർന്നുതിന്നുന്ന അർബുദമാണ് പലിശയെന്ന് സമ്മതിക്കുകയുണ്ടായി. എന്നാൽ ഈ അർബുദത്തെ സാമ്പത്തിക വിനിമയത്തിൽനിന്ന് വെട്ടിമാറ്റാൻ ഇവരാരും ശ്രമിച്ചുകണ്ടില്ല. ലോക സമ്പദ്ക്രമം മുതലാളിത്ത രാജ്യങ്ങളുടെ കൈപ്പിടിയിലായതാണ് പ്രധാന കാരണം. ദരിദ്രരാജ്യങ്ങളിൽനിന്ന് സമ്പത്ത് തങ്ങളുടെ രാജ്യത്തേക്കൊഴുകണമെങ്കിൽ പലിശയെന്ന ചൂഷണോപാധി കൂടിയേ കഴിയൂ എന്ന് ഇവർക്ക് നന്നായറിയാം. അതിനാൽ ഈ വ്യവസ്ഥ നിലനിൽക്കേണ്ടത് അവരുടെ താൽപര്യമാണ്.

പലിശരഹിതമായ, ലാഭനഷ്ട പങ്കാളിത്തങ്ങളോടെയുള്ള വായ്പകളാണ് ഇസ്ലാം മുന്നോട്ടുവെക്കുന്ന പരിഹാരം. അത് വ്യവസായ-വാണിജ്യ സംരംഭങ്ങളെ തകർക്കുകയല്ല, പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുക. കേരളത്തിലിന്ന് കാണുന്ന വ്യവസായ തകർച്ചക്കും മുരടിപ്പിനും പിന്നിലെ വില്ലൻ പലിശയാണെന്ന് മനസ്സിലാക്കാൻ ഭരണാധികാരികളും സമൂഹവും ഇനിയെങ്കിലും വൈകരുത്. പലിശ എത്ര കുറയുന്നോ അത്രകണ്ട് സമൂഹത്തിൽ അഭിവൃദ്ധിയുണ്ടാകും. ജനകീയ കൂട്ടായ്മകളിലൂടെ പലിശരഹിത സംരംഭങ്ങൾ വ്യാപകമായി ആരംഭിക്കേണ്ടിയിരിക്കുന്നു. ■